*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

212th Issue - Volume 5, No.45 **ജാഗ്രത** 26th November 2011


" മരണത്തിനർഹമല്ലാത്ത പാപം സഹോദരൻ ചെയ്യുന്നത് ഒരുവൻ കണ്ടാൽ അവൻ പ്രാർത്ഥിക്കട്ടെ. അവനു ദൈവം ജീവൻ നല്കും."

(യോഹന്നാൻ–5:16)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS


St. John Berchmans

## പ്രധാന വാർത്തകൾ

സമുദായ പ്രവർത്തനം രാഷ്ട്ര പുരോഗതിക്ക് വേണ്ടിയാകണം: ബിഷപ് ഡോ.വിൻസന്റ് സാമുവൽ

---

സർക്കാരിന്റെ മദ്യനയം തിരുത്തണം: മാർ ജേക്കബ തൂങ്കുഴി

---

ദൈവത്തെ ആഴത്തിൽ അറിയുകയാണു മിഷൻ പ്രവർത്തനത്തിന്റെ അന്തഃസത്തയെന്നു സീറോ മലബാർ സഭാമേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി.

---

കുടുംബത്തെ വിശുദ്ധിയുടെ ചൈതന്യത്തിൽ നിറയ്ക്കുക: മാർ മാത്യു മൂലക്കാട്ട്

---

സർക്കാരിന്റെ മദ്യനയം പുനഃപരിശോധിക്കണം: മാർ പോളി കണ്ണൂക്കാടൻ

---

ഓരോ സന്യാസ സമൂഹവും ഇടവകകളുടെ സ്വന്തമായി മാറണം: മാർ തോമസ് ചക്യത്ത്

---

വിശ്വാസ പ്രതിസന്ധി സഭ നേരിടുന്ന വലിയ വെല്ലുവിളി: മാർ ജോസഫ് പവ്വത്തിൽ

---

## ജാഗ്രതാ വാർത്ത

ചിരി ഒരു മരുന്ന്

---

## ചരിത്ര ജാഗ്രത

വിശുദ്ധ അഗസ്റ്റിൻ

---

## വാരാന്ത്യവീക്ഷണം

വിദ്യാഭ്യാസം രാഷ്ട്രീയ നിരപേക്ഷമാകണം

## സമുദായ പ്രവർത്തനം രാഷ്ട്ര പുരോഗതിക്ക് വേണ്ടിയാകണം: ബിഷപ് ഡോ.വിൻസന്റ്സാമുവൽ



സഭയുടെയും സമുദായത്തിന്റെയും പ്രവർത്തനലക്ഷ്യം രാഷ്ട്രപുരോഗതിക്ക് വേണ്ടിയാകണമെന്ന് നെയ്യാറ്റിൻകര ബിഷപ് ഡോ. വിൻസന്റ് സാമുവൽ. ക്ഷേമ രാഷ്ട്രം യാഥാർഥ്യമായാൽ മാത്രമേ പൗരന്മാർക്ക് സമ്പൂർണ വിമോചനം സാധ്യമാകൂ. ഭാരതത്തിലെ ലത്തീൻ സഭയുടെ ചരിത്രം പരിശോധിച്ചാൽ രാഷ്ട്രത്തിന്റെ സമഗ്ര വളർച്ചയ്ക്കുവേണ്ടി ത്യാഗം അനുഷ്ഠിച്ച മഹത്തായ പാരമ്പര്യം വെളിപ്പെടുമെന്നും ബിഷപ് പറഞ്ഞു. കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെ.എൽ.സി.എ) നെയ്യാറ്റിൻകര രൂപതാ സമിതി സംഘടിപ്പിച്ച സംസ്ഥാന ഭാരവാഹികൾക്കുള്ള സ്വീകരണവും രൂപതാ ജനറൽ കൗൺസിൽ യോഗവും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്.

## സർക്കാരിന്റെ മദ്യനയം തിരുത്തണം: മാർ ജേക്കബ് തൂങ്കുഴി



ഒരിടത്തും മദ്യശാല അനുവദിക്കരുതെന്നും സർക്കാരിന്റെ മദ്യനയം തിരുത്തണമെന്നും ആർച്ച്ബിഷപ് എമരിറ്റസ് മാർ ജേക്കബ് തൂങ്കുഴി ആവശ്യപ്പെട്ടു. വി.എം.സുധീരനെ പോലുള്ള നേതാക്കൾ ഇക്കാര്യത്തിൽ എടുക്കുന്ന നിലപാടുകൾ ശ്ലാഘനീയമാണ്. കോടന്നൂരിലെ സ്റ്റാർ ഹോട്ടലിന് ബാർ ലൈസൻസ് നൽകരുതെന്നാവശ്യപ്പെട്ട് പൗരസമിതി തൃശൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിനുമുമ്പിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മാർ തൂങ്കുഴി. ചൈതന്യവും ക്രിയാത്മകമായി പകർന്നുനൽകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

## ദൈവത്തെ ആഴത്തിൽ അറിയുകയാണു മിഷൻ പ്രവർത്തനത്തിന്റെ അന്തഃസത്തയെന്നു സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി.



സീറോ മലബാർ സഭാ പ്രേഷിതവർഷാചരണത്തോടനുബ ന്ധിച്ചു ബാംഗളൂർ ധർമാരാം കോളജിൽ ഇന്നലെ ആരംഭിച്ച ദേശീയ മിഷൻ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അധാർമികതയും അനീതിയും അഴിമതിയും സമൂഹത്തിന്റെ വിവിധ തലങ്ങളിൽ വർധിച്ചുവരുമ്പോൾ മിഷൻ പ്രവർത്തനങ്ങൾക്കു പ്രസക്തിയേറുകയാണ്. വ്യത്യസ്തങ്ങളായ വിധത്തിൽ ദൈവവിശ്വാസം നിലനിൽക്കുന്ന ഇന്ത്യയിൽ, ഓരോരുത്തരുടെയും ദൈവാന്വേഷണത്തിന്റെ പൂർത്തീകരണമാണു മിഷൻ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. മിഷൻ രൂപതകളിൽ മതബോധനപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കേണ്ട കാലഘട്ടമാണിത്. പുതിയ തലമുറയിലേക്കു സുവിശേഷസന്ദേശങ്ങളും പ്രേഷിതപ്രവർത്തന ചൈതന്യവും ക്രിയാത്മകമായി പകർന്നുനൽകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്. സുവിശേഷവത്കരണം ഏറെ വെല്ലുവിളികൾ നേരിടുന്ന കാലഘട്ടമാണിത്. ഇവിടെ യഥാർഥ ക്രിസ്തുശിഷ്യർക്കു ചേർന്ന വിധത്തിൽ പ്രേഷിതചൈതന്യത്തിന്റെ സജീവസാക്ഷികളാകാൻ ഓരോ മിഷനറിയും ശ്രദ്ധിക്കേണ്ടതുണ്ടെന്നും മാർ ആലഞ്ചേരി കൂട്ടിച്ചേർത്തു.

## കുടുംബത്തെ വിശുദ്ധിയുടെ ചൈതന്യത്തിൽ നിറയ്ക്കുക: മാർ മാത്യു മൂലക്കാട്ട്



വചനാനുസൃത ജീവിതത്തിലൂടെ കുടുംബത്തെ വിശുദ്ധിയുടെ ചൈതന്യത്തിൽ നിറയ്ക്കണമെന്ന് കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്. അതിരമ്പുഴ ബൈബിൾ കൺവൻഷന്റെ രണ്ടാം ദിവസമായ ഇന്നലെ സന്ദേശം നൽകുകയായിരുന്നു ആർച്ച്ബിഷപ്മാർ മാത്യു മൂലക്കാട്ട്. ദൈവം നമുക്കു നൽകിയ വിശുദ്ധിയുടെ കിരണം ക്രമേണ കുടുംബത്തിലേക്കു വ്യാപിക്കണം. നമ്മിലൂടെ കുടുംബം വിശുദ്ധീകരിക്കപ്പെടണം. കുടുംബത്തിലെ ഓരോ അംഗത്തിലേക്കും ദൈവാനുഭവത്തിന്റെ പ്രകാശം പരക്കണം. വാക്കിലൂടെയും ചിന്തയിലൂടെയും പ്രവൃത്തിയിലൂടെയുമാണ് ഇതു സാധിതമാകേണ്ടത്. ഹൃദയങ്ങളെ സ്പർശിക്കുന്ന ദൈവത്തിനു കുടുംബത്തിലെ ഓരോ അംഗത്തെയും സമർപ്പിക്കണം. വചനശുശ്രൂഷകളിലൂടെ നമുക്കു ലഭിക്കുന്ന കൃപകൾ വിനീതഹൃദയത്തോടെ സ്വീകരിച്ച് ദൈവത്തിനു നന്ദി പറയുകയാണ് വേണ്ടതെന്നും മാർ മൂലക്കാട്ട് ഓർമിപ്പിച്ചു. ഇന്നലെ ഫാ. ജോണി വെട്ടുകാട്ടിലിന്റെ മുഖ്യകാർമികത്വത്തിൽ ലിസ്യു ആശ്രമത്തിലെ വൈദികർ വിശുദ്ധ കുർബാന അർപ്പിച്ചു. റവ.ഡോ. മാണി പുതിയിടം സന്ദേശം നല്കി. ഫാ. റോബിൻ ചിറ്റൂപ്പറമ്പിൽ വി.സി, ഫാ. ജോജോ മാലിപ്പുറത്ത് വിസി എന്നിവർ വചനപ്രഘോഷണവും ശുശ്രൂഷകളും നയിച്ചു.

## സർക്കാരിന്റെ മദ്യനയം പുനഃപരിശോധിക്കണം: മാർ പോളി കണ്ണൂക്കാടൻ



സർക്കാരിന്റെ മദ്യനയം പുനഃപരിശോധിക്കണമെന്ന് ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ ആവശ്യപ്പെട്ടു. കുടുംബകൂട്ടായ്മ വർഷകമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന അർദ്ധവാർഷിയോഗം ഉദ്ഘാടനം ചെയ്തു കൊണ്ടസംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യാപകമായി ബാറുകൾ ആരംഭിക്കുക വഴി മദ്യഉപയോഗം കൂടുകയും കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പിനെ ദോഷകരമായി ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## ഓരോ സന്യാസ സമൂഹവും ഇടവകകളുടെ സ്വന്തമായി മാറണം: മാർ തോമസ് ചക്യത്ത്



ഓരോ സന്യാസ സമൂഹവും അതത് ഇടവകകളുടെ സ്വന്തമായി മാറണമെന്ന് എറണാകുളം - അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. സ്നേഹഗിരി മിഷണറി സിസ്റ്റേഴ്സ് കോതമംഗലം പ്രൊവിൻസിന്റെ കീഴിൽ ആയത്തുപടി നിത്യസഹായ മാതാവിന്റെ ഇടവകയിൽ പുതുതായി ആരംഭിച്ച പ്രതീക്ഷ ഭവൻ കോൺവന്റിന്റെ വെഞ്ചിരിപ്പ് കർമം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

## വിശ്വാസ പ്രതിസന്ധി സഭ നേരിടുന്ന വലിയ വെല്ലുവിളി: മാർ ജോസഫ് പവ്വത്തിൽ

വിശ്വാസ പ്രതിസന്ധിയാണ് സഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. പാറേൽ അമല തിയോളജിക്കൽ കോളജിന്റെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ചു നടന്ന സിമ്പോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച്ബിഷപ്. സഭയിൽനിന്നും ഭിന്നിച്ചു നിൽക്കുന്നവരെ ഒന്നിച്ചുചേർക്കാനും വീഴ്ചകളെക്കുറിച്ച് അവബോധമുള്ളവരാക്കാനും നമുക്ക് കഴിയണമെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു.

## ചിരി ഒരു മരുന്ന്

--------------------

ചിരി ഒരു മരുന്ന് എന്നു വായിക്കുമ്പോൾ ചിലർ മുഖം ചുളിക്കും, ചിലരുടെ മുഖത്ത് ചിരി ഉയരും. രോഗപ്രതിരോധത്തിനും രോഗപ്രതിവിധിക്കും എണ്ണമറ്റ ഔഷധങ്ങളും ഔഷധക്കൂട്ടുകളും പ്രചാരത്തിലിരിക്കുമ്പോൾ ചിരിയുടെ മൂല്യത്തെക്കുറിച്ചു പറയുന്നതുതന്നെ ഫലിതമായി എടുത്തെന്നു വരാം. എന്നാൽ, വൈദ്യശാസ്ത്രരംഗത്തുള്ളവർതന്നെ സന്തോഷത്തെക്കുറിച്ചും അതുവഴി ചിരി വരുത്തുന്ന സൗഖ്യത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

കാലിഫോർണിയ യൂണിവേഴ്സ്റ്റിയുലെ ഗവേഷകനായ ഡോ. ലീബേർക്ക് വെളിപ്പെടുത്തുന്നത് കോമഡി വിഡിയോകൾ കണ്ടു സന്തോഷിക്കുകയും ഏറെ ചിരിക്കുകയും ചെയ്തവർക്കു മറ്റുള്ളവരെക്കാൾ അധികം രോഗപ്രതിരോധശേഷി ഉണ്ടായി എന്നാണ്. ദു:ഖവും കോപവും ഉളവാക്കുന്ന് സിഡികൾ കണ്ടവരിൽ ഉണ്ടായ മാറ്റം അതിനു നേരെ വിപരീതമായിരുന്നു. മന:ശാസ്ത്രവിദഗ്ധനായ ഡോൺ പവൽ പറയുന്നു: ചിരിക്ക് ഏറെ ഔഷധമൂല്യങ്ങളുണ്ട്, ഒരു രോഗപ്രതിരോധ പ്രവർത്തകസമിതിയുടെ പ്രസിഡന്റ് കൂടിയായ അദ്ദേഹം കൂട്ടിച്ചേർക്കുന്നു. മാനസികവും ശാരീരികവുമായ നന്മയുടെ അനുഭവം വരുത്താൻ ചിരിക്കു കഴിയും. രക്തചംക്രമണം വർധിപ്പിക്കുന്നു; ദഹനം എളുപ്പമാക്കുന്നു; രക്തസമ്മർദം കുറയ്ക്കുന്നു; പേശിമർദവും ലഘൂകരിക്കുന്നു.

കോശങ്ങളിലും മാറ്റംവരുത്താൻ ചിരിക്കു സാധിക്കുമെന്ന് ഗവേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. വൈറസുകളോടു പോരാടുന്ന കോശങ്ങൾ സജീവമാകുകയും പ്രതിരോധശേഷി വർധിപ്പിക്കുകയും ചെയ്യുന്നു. ഫലിതങ്ങൾ പറയുന്നതും കേൾക്കുന്നതും പ്രയോജനപ്രദമാണ്. അതുവഴി, ചിരി ഉയരുമ്പോൾ തലച്ചോറിന്റെ തരംഗവീചികൾ സജീവമാകുന്നു. ഉറക്കെ ചിരിക്കുമ്പോൾ പല വേദനകൾക്കും ശമനം അനുഭവപ്പെടുമെന്നു കണ്ടെത്തിയിട്ടുണ്ട്.

ശിശുക്കൾക്ക് സഹജമാണ് ചിരി. ഒരു ദിവസം ഏതാണ്ട് നാനൂറു പ്രവാശ്യം അവർ ചിരിക്കുമെന്നാണ് ഒരു കണക്ക്. അതേസമയം മുതിർന്നവരുടെ ചിരി ഏഴോ എട്ടോ പ്രാവശ്യമായി കുറഞ്ഞിരിക്കും. ജിജ്ഞാസ നിറഞ്ഞ ശിശുമനസ്സ്, ഓരോന്നു കണ്ടെത്തനാള്ള ഉത്സാഹത്തിലായിരിക്കും. ഫലിതവും ചിരിയും നിറഞ്ഞതായി ശിശുസദസ് കാണപ്പെടും. അവരുടെ ആരോഗ്യസംരക്ഷണത്തിന് ചിരി വളരെ ഉപകരിക്കുന്നു. പ്രായം കൂടുന്തോറും ജീവിതസമ്മർദ്ദങ്ങൾ വർധിക്കുകയും ചിരി മാഞ്ഞുപോകുകയുമാണ്. അതോടൊപ്പം പലതരത്തിലുള്ള രോഗങ്ങളും പ്രത്യക്ഷപ്പെട്ടുതുടങ്ങും. ശരീരത്തിനു ഹാനികരമായ സമ്മർദ്ദങ്ങളും സംഘർഷങ്ങളും ലഘൂകരിക്കാനും അവ അതിജീവിക്കാനും ചിരിപ്രയോഗം വളരെ ഫലപ്രദമാണ്.

അസൂയയും പിണക്കവും മാത്സര്യവും വിദ്വേഷവും നടമാടുന്ന നമ്മുടെ സാമൂഹികജീവിതത്തിൽ അവയ്ക്കുമീതെ പറന്നുയരാൻ നമുക്കു ചിറകുകൾ നൽകുമെന്നുള്ളതാണ് ഫലിതത്തിന്റെയും ചിരിയുടെയും പ്രയോജനം. ജ്ഞാനിയായ ശലോമിന്റെ വാക്കുകൾ പ്രസക്തമാണ്. ദു:ഖിതരുടെ ദിനങ്ങൾ ക്ലേശഭൂയിഷ്ഠമാണ്; സന്തുഷ്ടമായ ഹൃദയം നിരന്തരം വിരുന്ന് ആസ്വദിക്കുന്നു. സന്തുഷ്ടഹൃദയം ആരോഗ്യദായകമാണ്; തളർന്ന മനസ്സ് ആരോഗ്യം കെടുത്തുന്നു. ഈ വേദപുസ്തകസാക്ഷ്യം ഇന്നു ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് മൂടികെട്ടിയ മനസ്സും കരുവാളിച്ച മുഖവുമായി നടക്കാതെ സന്തോഷവും ചിരിയും നിറഞ്ഞതാകട്ടെ, നിങ്ങളുടെ ജീവിതം. അത് ആരോഗ്യത്തിനും ദീർഘായുസ്സിനും സഹായകമാണ്.

## വിശുദ്ധ അഗസ്റ്റിൻ

--------------------

ഇതൊരു പുണ്യവാന്റെ കഥയാണ്. സെന്റ് അഗസ്റ്റിൻ എന്ന് പുകൾപെറ്റ വിശുദ്ധ അഗസ്ററീനോസിന്റെ കഥ. അതേ സമയം ഇതൊരു പുണ്യവതിയുടെ പുത്രന്റെ കഥയുമാണ്. വി. മോനിക്കയാണ് ആ പുണ്യവതി. മോനിക്കയുടെ കണ്ണീരും പ്രാർത്ഥനകളുമാണ് അഗ്സറ്റിനെ പുണ്യപദത്തിലെത്തിച്ചത്. പാപത്തിന്റെ ചെളിക്കുണ്ടിൽ ആഴ്ന്നുപോയ ഒരു മനുഷ്യാത്മാവിനെ ദൈവം എങ്ങനെ എടുത്തുയർത്തി, പുണ്യത്തിന്റെ നക്ഷത്രപഥങ്ങളിൽ സ്ഥാപിക്കുന്നു എന്നതിന്റെ ഉദാഹരണം കൂടിയാണ് വിശുദ്ധ അഗസ്റ്റീനോസിന്റെ ജീവിത കഥ.

വടക്കേ ആഫ്രിക്കയിൽ തഗാസ്തേ എന്ന സ്ഥലത്താണ് എ.ഡി. 354 നവംബർ 13-ാം തിയതി അഗസ്റ്റിൻ ജനിച്ചത്. സർക്കാർ ഉദ്യോഗസ്ഥനായ പട്രീഷ്യസ് ആയിരുന്നു പിതാവ് . അദ്ദേഹം അക്രൈസ്തവനായിരുന്നു. അതേസമയം മാതാവ് മോനിക്കയാകട്ടെ തീക്ഷ്ണതയുള്ള ക്രിസ്തുമത വിശ്വാസിയായിരുന്നു. മകനെ വിശ്വാസത്തിൽ വളർത്താൻ ആ അമ്മ ആഗ്രഹിച്ചെങ്കിലും അതിനു കഴിഞ്ഞില്ല. അക്കാലത്ത് ലഭ്യമായ ഉന്നത വിദ്യാഭ്യാസം അഗസ്റ്റിന് ലഭിച്ചു. ഗ്രീക്കു ഭാഷ പഠിച്ചു. അതിൽ വലിയ പ്രാവണ്യം നേടാൻ കഴിഞ്ഞെങ്കിലും ലത്തീൻഭാഷ അഗസ്റ്റിനെ വല്ലാതെ ആകർഷിക്കുകയും അവനതിൽ മികവു നേടുകയും ചെയ്തു. ലത്തീൻ പഠനമാണ് പിൽക്കാലത്ത് തത്വശാസ്ത്രത്തിലേക്ക് അവനെ ആകർഷിച്ചത്.

അഗസ്റ്റിൻ ക്രിസ്തീയ ജീവിതത്തിൽ വളർച്ച പ്രാപിച്ചു. അതിന്റെ തുടർച്ചയെന്നോണം അഗസ്റ്റിൻ എ.ഡി. 391-ൽ പൗരോഹിത്യം സ്വീകരിച്ചു. ഹിപ്പോ രൂപതയിലെ മെത്രാനായിരുന്ന വലേരിയൂസാണ് അഗസ്റ്റിന് പട്ടം നൽകിയത്. വി. പൗലോസ് ശ്ലീഹായെപ്പോലെ തീക്ഷ്ണതയുള്ള ഒരു ജീവിതമാണ് അദ്ദേഹം നയിച്ചത്. പ്രാർത്ഥന, പഠനം, പ്രസംഗം, എഴുത്ത് എന്നിവയ്ക്കായി ധാരാളം സമയം ചിലവഴിച്ചു. അതിനിടയിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും വേണ്ടി ചുല സന്യാസ സമൂഹങ്ങൾക്ക് രൂപം നൽകി. ക്രിസ്തുവിനും സഭയ്ക്കും വേണ്ടി ശക്തമായ സാക്ഷ്യം നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു. 396-ൽ അഗസ്റ്റിൻ ഹിപ്പോരൂപതയുലെ സഹായമെത്രാനായി വാഴിക്കപ്പെട്ടു. ബിഷപ്പായ വലേരിയൂസ് അന്തരിച്ചപ്പോൾ അഗസ്റ്റിൻ തൽസ്ഥാനത്ത് നിയമിക്കപ്പെട്ടു. അങ്ങനെ അദ്ദേഹത്തിന് അനേകരെ വിശ്വാസത്തിൽ ജനിപ്പിക്കാനും ദൈവം അവസരമേകി.

ഒത്തരി കനപ്പെട്ട ഗ്രന്ഥങ്ങൾ വായിച്ചുപഠിച്ച പണ്ഡിതനാണ് അഗസ്റ്റിൾ തത്വശാസ്ത്രവും ഭാഷയും സാഹിത്യവുമൊക്കെ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട പാരായണവിഷയങ്ങളായിരുന്നു. എന്നാൽ അവയിലെ അർത്ഥശൂന്യതയും അനർത്ഥങ്ങളും അദ്ദേഹം അറിഞ്ഞു. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അവയെ വ്യാഖ്യാനിക്കാനും വിശകലനം ചെയ്യാനും അദ്ദേഹം തുനിഞ്ഞു. അതിന്റെ ഫലമായി പാണ്ഡിത്യവും സത്യസന്ധതയും സംഭാവന ചെയ്യാൻ അഗസ്റ്റിന് കഴിഞ്ഞു. ചെറുതും വലുതുമായ 118 പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും മികച്ച കൃതി അഗസ്റ്റിന്റെ ആത്മകഥയാണ്. എറ്റുപറച്ചിൽ അഥവാ 'കുമ്പസാരം' എന്ന പേരിൽ വിശ്വവിഖ്യാതമാണ് ആ കൃതി.

ലോക സാഹിത്യത്തിലും ലോകചരിത്രത്തിലും തനതായ ഇടം നേടിയ മഹാവ്യക്തിത്വമാണ് അഗസ്റ്റിന്റേത്. ദൈവത്തിന്റെ സ്വഭാവം, പ്രത്യേകതകൾ, ദൈവവുമായി നമുക്കുണ്ടാകേണ്ട ബന്ധം. അതിന്റെ സവിശേഷതകൾ വ്യക്തമാക്കാൻ അഗസ്റ്റിന് കഴിഞ്ഞിട്ടുണ്ട്. എ.ഡി. 430 ആഗസ്റ്റ് 28-ാം തിയതി അഗസ്റ്റിൻ ദിവംഗതനായി. വി. അഗസ്റ്റിന്റെ ജീവിതം ദൈവകാരുണ്യത്തിന്റെ അന്തതയും മനുഷ്യരക്ഷയിലുള്ള ദൈവത്തിന്റെ താൽപര്യവും ഗ്രഹിക്കാൻ നമ്മെ സഹായിക്കുന്നു. ചില പാഠങ്ങൾ നമുക്കുപകരാൻ ദൈവം അഗസ്റ്റിനെ ഉപകരണമാക്കുകയാണ് ചെയ്തത്. അവ മനസ്സിലാക്കി, ഉത്തമ ക്രൈസ്തവ ജീവിതം നയിക്കാൻ നമുക്ക് കടമയുണ്ട്.

## വിദ്യാഭ്യാസം രാഷ്ട്രീയ നിരപേക്ഷമാകണം

വിദ്യാഭ്യാസം മത നിരപേക്ഷമാകണമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഒരു സമ്മേളനം മാർക്കിസ്റ്റു പ്രത്യയശാസ്ത്രക്കാർ തിരിവനന്തുപുരത്ത് നടത്തിയതായി വാർത്ത കണ്ടു. പാഠപുസ്തകങ്ങളിൽ ചരിത്രപരമായ തെറ്റുകൾ കണ്ടെത്തി അതു തിരുത്തണമെന്ന് മത സാമുദായിക സംഘടനകൾ രംഗത്തു വരുകയും സർക്കാർ അതു പരിഗണിച്ചും, പഠിച്ചും ചില മാറ്റങ്ങൾ പത്താം തരത്തിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിനു നല്കുകയും ചെയ്തതിൽ പ്രതിഷേധിച്ചായിരുന്നു പ്രത്യയശാസ്ത്രക്കാർ കൂട്ടായ്മ സംഘടിപ്പിച്ചത്. പാർട്ടിയുടെ ആസ്ഥാന ചരിത്ര സാംസ്കാരിക നേതാക്കൻമാർ സമ്മേളനത്തിൽ പങ്കെടുത്തു കണ്ടു.

പാഠപുസ്തകത്തിലേ ഉള്ളടക്കത്തെ സംബന്ധിച്ച് തെറ്റുകൾ ചൂണ്ടികാട്ടി പ്രതിവിധികൾ നിർദ്ദേശിക്കപ്പെട്ടു. മത സാമുദായിക നേതാക്കന്മാരാണ് അങ്ങനെ തെറ്റുകൾ ചൂണ്ടികാട്ടിയത്. മതത്തിന് ഒരു സാമൂഹ്യപ്രസക്തിയും ഇല്ല എന്ന നിലപാടു കൊണ്ടാകണം ഇങ്ങനെ തെറ്റു ചൂണ്ടി കാട്ടിക്കാൻ മത നേതാക്കൻമാർക്ക് അവകാശമില്ല എന്നു പ്രത്യയശാസ്ത്രക്കാർ പ്രഘോഷിക്കുന്നത്. പക്ഷേ ഇത് ഒരു മതേതര ജനാധിപത്യ രാജ്യമാണ് അല്ലാതെ കമ്മ്യൂണിസ്റ്റു രാജ്യമോ കമ്മ്യൂണിസ്റ്റു ഭരണ സമ്പ്രദായമോ അല്ല എന്ന കാര്യം ഇക്കൂട്ടർ മറക്കുകയോ മറയ്ക്കുയോ ചെയ്യുന്നു.

വാസ്തവത്തിൽ പാഠപുസ്തകത്തിൽ രാഷ്ട്രീയം കലർത്താനുള്ള ശ്രമമാണ് എതിർക്കപ്പെട്ടത്. 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റു സർക്കാർ അധികാരം ഏറ്റെടുത്തതു മുതൽ പാഠപുസ്തകങ്ങൾ ശക്തമായി രാഷ്ട്രീയവൽക്കരിക്കപ്പെട്ടു. തങ്ങളുടെ പ്രത്യയശാസ്ത്ര വിധി പ്രകാരം പാഠപുസ്തകങ്ങൾ പ്രത്യയശാസ്ത്രക്കാർ നെയ്തെടുത്തപ്പോൾ അതിനെതിരായി അഖിലകേരള കത്തോലിക്ക കോൺഗ്രസ് രംഗത്തുവരികയും പാഠപുസ്തകകങ്ങളെകുറിച്ച് ഒരു പഠനം പ്രസിദ്ധീകരിക്കുകയും ചെയ്തതു വായിച്ചിട്ടുണ്ട്.

ഇവിടെ വിദ്യാഭ്യാസം മതനിരപേക്ഷമാകാത്തതിന്റെ പ്രശ്നമല്ല ഉയർന്നു വരുന്നത്. പ്രത്യുത വിദ്യാഭ്യാസം രാഷ്ട്രീയ നിരപേക്ഷമാകാത്തതിന്റെ പ്രശ്നമാണ് പ്രസക്തം. പ്രത്യയശാസ്ത്രക്കാർക്ക് രാഷ്ട്രീയം മത വിരുദ്ധമായതുകൊണ്ട് പാഠപുസ്തകങ്ങളും മതവിരുദ്ധമായി മാറുന്നുവെന്നേയുള്ളൂ. അതുകൊണ്ടുതന്നെ രാഷ്ട്രീയ നിരപേക്ഷമാകണം എന്നു പറയുന്നവരെ മതത്തിന്റെ വക്താക്കളായും ഇടപെടലായും ചിത്രീകരിച്ച് തങ്ങളുടെ രാഷ്ട്രീയം സംരക്ഷിക്കണമെന്ന് അവർ കരുതുന്നു. അതു തികച്ചും ഒരു വ്യാമോഹം മാത്രമാണ്. അതുകെണ്ട് ഇവിടെ വിദ്യാഭ്യാസം രാഷ്ട്രീയ നിരപേഷമാകണം എന്ന നിലപാട് ഉയർത്തിപ്പിടിക്കുന്നവരെ വർഗ്ഗീയത വളർത്തുന്നവരായി ചിത്രീകരിക്കുന്നത് കേവലം രാഷ്ട്രീയ തന്ത്രമായി മാത്രമേ കാണാനാവൂ.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

"Jagratha News" - An internet news service is free and for private circulatio
Web: www.kcbcsocialharmony.org Blog: jagrathakcbc.blogspot.com
Designed and Edited by , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA